GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/08/2026

1) ഫാം ഇൻഫൊർമേഷൻ ബ്യൂറോ കുട്ടനാട് FM 90.0യിൽ കുട്ടനാടിന്റെ കൃഷി സമൃദ്ധി, കർഷകരുടെ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്ന പരിപാടിയിൽ **"ആലപ്പുഴയ്ക്ക് അനുയോജ്യമായ ഭക്ഷ്യോത്പന്ന സംരഭങ്ങൾ"** എന്നവിഷയത്തെക്കുറിച്ച് കർഷകർക്ക് ചോദിക്കാം ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് കെ.വി.കെ കായംകുളം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജിസ്സി ജോർജ്ജ് മറുപടി നൽകുന്നു. 9995219523 എന്ന നമ്പരിൽ ബന്ധപ്പെടാം.

2) കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റൽ കാട്ടാക്കടയുടെയും നേതൃത്വത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയ എല്ലാ കന്നുകാലികൾക്കുള്ള സ്പെഷ്യൽ ഓണകിറ്റുകളുടെ

വിതരണോത്ഘാടനം ഇന്ന് രാവിലെ 10 മണിയ്ക്ക് കാട്ടാക്കട മൃഗാശുപത്രിയിൽ വെച്ച് കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുനിത. വി.ജെ. നിർവ്വഹിക്കും. ഈ ചടങ്ങിൽ വച്ച് കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ ഏറ്റവും കൂടുതൽ പാൽ അളന്ന കർഷകരേയും, ഏറ്റവും കൂടുതൽ ഉരുക്കളെ വളർത്തുന്ന ക്ഷീരകർഷകരെയും ആദരിക്കുന്നു.

5 കിലോ കാലിതീറ്റ, കാൽസ്യം ടോണിക്ക്, ധാതുലവണ മിശ്രിതം, ലിവർ ടോണിക്ക്, വൈറ്റമിനുകൾ, പശുക്കൾക്കുള്ള വിരമരുന്ന്, കന്നുക്കുട്ടികൾക്കുള്ള വിരമരുന്നുകൾ, അകിടുരോഗ നിയന്ത്രണ മരുന്നുകൾ, പ്രസവ രക്ഷാ മരുന്നുകൾ, ബാഹ്യ പരാദ മരുന്നുകൾ എന്നീ ഇനങ്ങളടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്യുന്നത് . എട്ടാം ഘട്ട കുളമ്പു രോഗ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഭാഗമായി കുത്തിവെയ്പ്പിനു വിധേയമാക്കിയ ഉരുക്കളുടെ ഉടമകൾ അതിന്റെ രേഖകളുമായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ എത്തി ആഗസ്റ്റ് 24, 25 തീയതികളിൽ സൗജന്യ ഓണകിറ്റുകൾ കൈപ്പറ്റേണ്ടതാണെന്ന് സീനിയർ വെറ്ററിനറി സർജൻ ഡോ. സജിത് കുമാർ.എസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447863474 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3) കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വിവിധയിനം നടീൽ വസ്തുക്കളും (ചക്ക, മാങ്ങ , പേര, സപ്പോട്ട ) പച്ചക്കറി വിത്തുകളും ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് 0487 2961457/8281651457 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4) ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **'സുരക്ഷിതമായ പാലുൽപ്പാദനം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 2, 3** തീയതികളിലായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ എന്നിവർ മുഖേന 2026 **സെപ്റ്റംബർ 1 വൈകിട്ട് 5 മണിക്ക് മുമ്പായി** രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ രേഖകൾ ഹാജരാക്കണം. **രജിസ്ട്രേഷൻ ഫീസ് 20** രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലേതെങ്കിലും സമാന പരിശീലനത്തിൽ ഓഫ്‌ലൈനായി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. കൂടുതൽ വിവരങ്ങൾക്ക്

8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കോഴിക്കോട് വേങ്ങേരി തടമ്പാട്ടുതാഴത്ത് പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം ഫലവൃക്ഷ തൈകൾ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 / 9188223584 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.